**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3193** **11-03-2025 - ൽ മറുപടിയ്ക്ക്**

**നെഹ്റു ട്രോഫി വള്ളംകളി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | 2024ലെ നെഹ്റു ട്രോഫി വള്ളംകളിയിൽ മത്സരിച്ച വള്ളങ്ങൾക്കുള്ള ബോണസ് തുകകൾ പൂർണമായി നൽകിക്കഴിഞ്ഞോയെന്ന് അറിയിക്കാമോ; | (എ) | 2024-ലെ നെഹ്റു ട്രോഫി വള്ളംകളിയിൽ മത്സരിച്ച കളിവള്ളങ്ങൾക്ക് ബോണസ് തുക വിതരണം ചെയ്തു വരുന്നു. |
| (ബി) | സി.ബി.എൽ. മത്സരങ്ങൾ കൂടുതൽ ആകർഷകമാക്കാൻ ഈ വർഷം എന്തൊക്കെ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (ബി) | സി.ബി.എൽ മത്സരങ്ങളുടെ നടത്തിപ്പിനായുള്ള തീരുമാനങ്ങൾ കൈകൊള്ളുന്നത് സി.ബി.എൽ ബോർഡ് മീറ്റിംഗ് ചേർന്നാണ്. 2025-26 സാമ്പത്തിക വർഷത്തെ സി.ബി.എൽ മത്സരങ്ങൾ കൂടുതൽ ആകർഷകമാക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കി വരുന്നു. |
| (സി) | വള്ളംകളി മത്സരങ്ങൾ കൂടുതൽ ജനകീയമാക്കാൻ മറ്റു ജില്ലകളിൽ കൂടി വള്ളംകളി മത്സരങ്ങൾ നടത്തുവാൻ തീരുമാനമെടുത്തിട്ടുണ്ടോ; | (സി) | വിനോദസഞ്ചാര വകുപ്പ് മുഖേന 12 വേദികളിലായി സി.ബി.എൽ വള്ളംകളി നടത്തി വരുന്നു. ചുണ്ടൻ വള്ളങ്ങളുടെ വള്ളംകളി നടത്തുന്നതിന് മതിയായ ആഴവും വിസ്തൃതിയും ഉള്ള ജലസ്രോതസ്സുകൾ അനിവാര്യമാണ് കൂടാതെ മത്സരവേദിയിലേക്ക് വള്ളങ്ങളെ എത്തിക്കാനുള്ള ജലപാതകൾ ഉണ്ടായിരിക്കേണ്ടതുമാണ്. മേൽ സാഹചര്യങ്ങൾ അനുകൂലമായിട്ടുള്ള കൊല്ലം, എറണാകുളം, ആലപ്പുഴ ,കോട്ടയം, തൃശ്ശൂർ എന്നീ അഞ്ചു ജില്ലകളിൽ 12 വേദികളിലായി വർഷം തോറും സിബിഎൽ മത്സരങ്ങൾ നടന്നു വരുന്നുണ്ട്. കൂടാതെ കണ്ണൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ ചെറുവള്ളങ്ങളുടെ മത്സരവും നടത്തിയിട്ടുണ്ട്. നിലവിൽ മേൽപ്പറഞ്ഞ അനുയോജ്യമായ വേദികളിലാണ് വള്ളംകളികൾ നടത്തുന്നത്. |
| (ഡി) | നെഹ്റു ട്രോഫി വള്ളംകളിയിലെ സ്റ്റാർട്ടിങ് സംവിധാനം കുറ്റമറ്റതാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (ഡി) | നെഹ്റു ട്രോഫി ജലമേളയുമായി ബന്ധപ്പെട്ട സ്റ്റാർട്ടിംഗ് സംവിധാനം NTBR Infrastructureകമ്മിറ്റിയുടെ ചുമതലയിലാണ്. നിലവിൽ ഉപയോഗിച്ചു വരുന്ന സ്റ്റാർട്ടിംഗ് സംവിധാനം കുറ്റമറ്റതും സാങ്കേതിക മികവുള്ളതുമാണെന്ന് ആലപ്പുഴ ജില്ലാ കളക്ടർ |

| | | | |
|---|---|---|---|
| | | | ചെയർമാനായിട്ടുള്ള NTBR സൊസൈറ്റി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ഇ) | സ്റ്റാർട്ടിങ് സംവിധാനം സംബന്ധിച്ച് എന്തെങ്കിലും പരാതികൾ നിലനിൽപ്പുണ്ടോ; എങ്കിൽ അതിന് എന്തൊക്കെ പരിഹാരമാർഗങ്ങൾ നിർദ്ദേശിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (ഇ) | നെഹ്റുട്രോഫി വള്ളംകളിയുടെ നടത്തിപ്പിനായി 2018 മുതൽ 2022 വരെ ഉപയോഗിച്ച് വരുന്ന സ്റ്റാർട്ടിംഗ് ഡിവൈസ് രൂപകൽപ്പന ചെയ്യുന്നതിന് ചെലവായ തുക തിരികെ ലഭിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ഋഷികേശ് സി.എസ് കേരള നിയമസഭയുടെ ഹർജികൾ സംബന്ധിച്ച സമിതി മുമ്പാകെ പരാതി സമർപ്പിച്ചിട്ടുണ്ട്.<br><br>എന്നാൽ 2023 മുതൽ മയൂരം ക്രൂയിസിന്റെ സ്റ്റാർട്ടിംഗ് സംവിധാനമാണ് ഉപയോഗിച്ചു വരുന്നതെന്നും ശ്രീ ഋഷികേശ് സി.എസ് രൂപപ്പെടുത്തിയ സ്റ്റാർട്ടിംഗ് സംവിധാനവുമായി താരതമ്യപ്പെടുത്തുമ്പോൾ വളരെ കുറഞ്ഞ തുകയ്ക്ക് സാങ്കേതികമായി മികച്ച രീതിയിലുള്ള സംവിധാനം നൽകുവാൻ മയൂരം ക്രൂയിസിനു സാധിച്ചിട്ടുണ്ടെന്നും സാമ്പത്തിക ബാധ്യത കുറയ്ക്കുന്നതിനാണ് ചെലവ് കുറഞ്ഞതും കുറ്റമറ്റതുമായ മെക്കാനിസം ഉപയോഗപ്പെടുത്തിയിട്ടുള്ളതെന്നും ആലപ്പുഴ ജില്ലാ കളക്ടർ ചെയർമാനായിട്ടുള്ള NTBR സൊസൈറ്റി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ